# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4176 — 24.06.2019-ൽ മറുപടിയ്ക്ക്.

## പാൽ ഗുണനിലവാര പരിശോധനാ ചെക്ക്പോസ്റ്റുകളും ലബോറട്ടറികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ.കെ.രാജു, (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽ ഗുണനിലവാര പരിശോധനയ്ക്കായി എത്ര ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) പാൽ ഗുണനിലവാര പരിശോധനയ്ക്കായി നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തിൽ പോരായ്മയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം ക്രിയാത്മകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സാമ്പിളുകൾ നിയമപരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് നിലവിൽ അധികാരമില്ല. ഇത് മൂലം പാൽ പരിശോധനയിൽ ഗുണനിലവാരത്തിൽ കുറവോ മറ്റ് മായപദാർത്ഥങ്ങൾ കലർത്തിയിട്ടുള്ളതോ ആയി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മിൽക്ക് സാമ്പിളുകളെ സംബന്ധിച്ച വിവരങ്ങൾ ഭക്ഷ്യസുരക്ഷാവകുപ്പിന് കൈമാറുക മാത്രമാണ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാവകുപ്പിനാണ് നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം. ഈ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ജീവനക്കാരുടെ കൂടുതൽ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു. കൂടാതെ, പാൽ സാമ്പിളുകൾ പരിശോധിച്ച് ഭക്ഷ്യസുരക്ഷാനിയമപ്രകാരം ക്ഷീരവികസന വകുപ്പിനുകൂടി അധികാരം നൽകുന്നത് സംബന്ധിച്ച് നിയമവശങ്ങൾ പരിശോധിച്ചുവരുന്നു. |
| (സി) പാൽ പരിശോധനാ ലബോറട്ടറികളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) നടത്തിയിട്ടുണ്ട്. ടെക്നീഷ്യൻമാരുടെ കുറവ് പരിഹരിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുകയാണ് ചെയ്യുന്നത്. കൂടാതെ, ടെക്നീഷ്യന്മാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |

| | |
|---|---|
| (ഡി) പാൽ പരിശോധനാ ലബോറട്ടറികളുടെ മേൽനോട്ടത്തിനും കൃത്യമായ നടത്തിപ്പിനുമായി ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നത് പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ? | (ഡി) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത് ക്വാളിറ്റി കൺട്രോൾ ഓഫീസർമാരാണ്. ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**